# ആസ്ഥാനകാര്യാലയം, ജയിൽവകുപ്പ്, കേരളം

## നടപടികൾ

വിഷയം : ജയിലുകൾ- വാർഷിക പദ്ധതി (2015-16) - "ജയിലുകളുടെ നവീകരണം"-പേപ്പർ രഹിത ഓഫീസ് പദ്ധതി- 'അയാപ്സ് ആപ്ളിക്കേഷൻ' നടപ്പിലാക്കുന്നത്- കെൽട്രോണിന് ആദ്യ ഗഡു തുക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1) ജി.ഒ(എം.എസ്) നം. 209/2015/ആഭ്യന്തരം; തിയ്യതി: 25/09/2015
2) 01/12/2015-ൽ കെൽട്രോണുമായി ഒപ്പുവച്ച കരാർ
3) കെൽട്രോൺ സമർപ്പിച്ചിട്ടുള്ള ഇൻവോയിസ് (നം.ITBG/15-16/PI/SWG/84; Dated:30/12/2015)

**ഉത്തരവ് നമ്പർ. P4-13134/2015/PrHQ; തീയതി : 04-03-2016**

ജയിൽ വകുപ്പിൽ 'പേപ്പർ രഹിത ഓഫീസ് പദ്ധതി' (Paperless Office Programme) നടപ്പിലാക്കുന്നതിന് 2015-16 ലെ "ജയിലുകളുടെ നവീകരണം" വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം 30.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കെൽട്രോണിൽ നിന്ന് പ്രൊജക്ട് റിപ്പോർട്ട് ലഭ്യമാക്കുകയും പരാമർശം (2) പ്രകാരം കെൽട്രോണുമായി കരാർ ഒപ്പുവക്കുകയും ചെയ്തു. ആകെ പദ്ധതി തുക 30.00 ലക്ഷം രൂപ (+) സർവ്വീസ് ടാക്സ് ആണ്. കരാർ പ്രകാരം ആദ്യ ഗഡുവായി 30% തുകയായ 10,26,000/- രൂപ (പത്ത് ലക്ഷത്തി ഇരുപത്തിയാറായിരം രൂപ) കെൽട്രോണിന് നൽകേണ്ടതുണ്ട്. പരാമർശം (3) പ്രകാരം 10,26,000/- രൂപയുടെ ഇൻവോയിസും കെൽട്രോൺ സമർപ്പിച്ചിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ, ജയിൽ വകുപ്പിൽ പേപ്പർ രഹിത ഓഫീസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആദ്യ ഗഡുവായി ***1026000 രൂപ (പത്ത് ലക്ഷത്തി ഇരുപത്തിയാറായിരം രൂപ)*** അനുവദിച്ചുകൊണ്ടും പ്രസ്തുത തുക 'മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ, തിരുവനന്തപുരം' എന്ന പേരിൽ ഡിമാൻറ് ഡ്രാഫ്റ്റ് ആയി മാറുവാൻ ജയിൽ ആസ്ഥാനകാര്യാലയം ചീഫ് അക്കൌണ്ടിനെ ചുമതലപ്പെടുത്തികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിലേക്കാവശ്യമായ തുക തന്നാണ്ടത്തെ ***"2056-00-001-98-34 മറ്റ് ചെലവുകൾ (പ്ളാൻ)"*** എന്ന ശീർഷകത്തിൽനിന്നും വഹിക്കേണ്ടതും ഡി.ഡി അനന്തര നടപടികൾക്കായി പി4 സീറ്റിൽ ഏൽപ്പിക്കേണ്ടതുമാണ്.

സ്വീകർത്താവ് : ചീഫ് അക്കൌണ്ടൻറ് (ഇൻവോയിസ് ഉൾപ്പെടെ 2 പകർപ്പ്)
ജയിൽ ആസ്ഥാന കാര്യാലയം.

പകർപ്പ് : അക്കൌണ്ട്സ് ഓഫീസർ/
പി.ഒ/ ഓ.സി /എസ്.എഫ്

ഉത്തരവിൻ പ്രകാരം